**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3** **27-06-2022 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പശ്ചാത്തല സൗകര്യങ്ങൾ വിപുലപ്പെടുത്തി സംസ്ഥാനത്തെ റേഷൻ കടകൾ കേരള സ്റ്റോറുകളാക്കി മാറ്റുന്നതിന് പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളുടെ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി വൈവിധ്യവത്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് **കെ-സ്റ്റോർ** എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലുള്ള സേവനങ്ങൾക്ക് പുറമേ സ്മാർട്ട് റേഷൻകാർഡുകളുടെ സഹായത്തോടെ 5000/ രൂപ വരെയുള്ള ബാങ്കിംഗ് ഇടപാടുകൾ, സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബ ബ്രാൻഡ് ഉത്പന്നങ്ങൾ, യൂട്ടിലിറ്റി പേയ്.മെന്റ് സംവിധാനം, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ റേഷൻകടകളിലൂടെ ലഭ്യമാക്കുവാനാ ഉദ്ദേശിക്കുന്നത്. റേഷൻകടകളിലൂടെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കുവാൻ കഴിയും എന്നതിനു പുറമേ റേഷൻ വ്യാപാരികൾക്ക് അധിക വരുമാനം കണ്ടെത്തുവാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുന്നു. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**കെ- സ്റ്റോർ പദ്ധതിയിലേക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.** |

| | | | |
|---|---|---|---|
| | | | 1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കടയായിരിക്കണം.<br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്ന റേഷൻ വ്യാപാരികൾക്ക് മുൻഗണന.<br>3. 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത റേഷൻകടകൾക്ക് മുൻഗണന.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കെ സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് വേണ്ടി 837 ലൈസൻസികൾ സ്വമേധയാ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽ നിന്നും ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 5 റേഷൻകടകൾ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | എന്തൊക്കെ സേവനങ്ങളും ഉല്പന്നങ്ങളുമാണ് കെ-സ്റ്റോറുകളിൽ ലഭ്യമാകുക; വിശദാംശങ്ങൾ നൽകുമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | റേഷൻ കടകൾ വിപുലപ്പെടുത്തി കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | കരട് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് വേണ്ടി 837 ലൈസൻസികൾ സ്വമേധയാ തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്. പ്രസ്തുത കടകൾക്ക് കെ-സ്റ്റോർ ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തി പട്ടിക അന്തിമമാക്കുന്നതാണ്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകൾ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | താത്പര്യം അറിയിച്ച ലൈസൻസികൾക്ക് കടകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ തലത്തിൽ സഹായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | പരിഗണനയിലുണ്ട്.<br>ഒരു റേഷൻകടയിൽ രണ്ടു മാസത്തെ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുവാനുള്ള സ്ഥലസൗകര്യം വേണമെന്നാണ് സർക്കാർ കാണുന്നത്. കെ-സ്റ്റോർ പദ്ധതിയുമായി ബന്ധപ്പെട്ട് റേഷൻകടകളുടെ വൈവിധ്യവത്ക്കരണ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ബാങ്കുകളിൽ നിന്നും സർക്കാർ ഗ്യാരന്റി നൽകി 2 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ വരെ റേഷൻവ്യാപാരികൾക്ക് വായ്പ നൽകുന്ന കാര്യം പരിശോധിച്ച് വരുകയാണ്. ഈ പദ്ധതിയിൽ അംഗമാകുന്ന റേഷൻ വ്യാപാരികൾക്ക് ബാങ്കുകളുടെ സഹായത്തോടെ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്ന കാര്യവും പരിശോധിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ